ഉത്തരം

(എ) 2001-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ നിർദ്ദേശാനുസരണം എന്യൂമറേറ്റർമാർ വീടുവീടാന്തരം സന്ദർശിച്ച് സംസ്ഥാനത്തെ വോട്ടർപട്ടിക സമഗ്രമായി പുതുക്കുകയുണ്ടായി. ഇങ്ങനെ സമഗ്ര പുതുക്കൽ നടത്തിയ വോട്ടർപട്ടികയാണ് 2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് ഉപയോഗിച്ചത്. 2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 2,10,99,334 വോട്ടർമാരുണ്ടായിരുന്നു.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടിക പുതുക്കുന്ന കാലയളവിൽ പേർ നീക്കം ചെയ്യുന്നതിനായി നൽകുന്ന ഫോറം 7-ന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഹിയറിംഗ് നടത്തി പേര് നീക്കം ചെയ്യാറുണ്ട്. ഇതു കൂടാതെ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം അതാതു സ്ഥലങ്ങളിലെ താമസം മാറിപോയവരുടെയും, മരണമടഞ്ഞവരുടെയും പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസിൽദാർ) തയ്യാറാക്കി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്തശേഷം 1960-ലെ രജിസ്ട്രേഷൻ ഓഫ് ഇലക്ടറൽ റൂൾസ് 21-എ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നു.

(ഡി) 2001-ലെ സമഗ്ര വോട്ടർപട്ടിക പുതുക്കൽ സമയത്ത് എന്യൂമറേറ്റർമാർ വീടുവീടാന്തരം സന്ദർശിച്ചാണ് പുതിയ വോട്ടർപട്ടിക തയ്യാറാക്കിയത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പരാതി പരിഹാരസെല്ലിൽ ലഭിച്ച പരാതികൾ

37 [37] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെല്ലിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെല്ലിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പരാതികളിൽ തീരുമാനമായിട്ടുണ്ട്;

(സി) പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തിര തീർപ്പ് കൽപ്പിക്കാൻ മുഖ്യമന്ത്രി ഓരോ ജില്ലയിലും വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് പ്രസ്തുത യോഗത്തിൽ പൊതുജനങ്ങളുടെ പരാതികളിൻമേൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. സെല്ലിന്റെ പ്രവർത്തന ഫലമായി നല്ല ശതമാനം പരാതികളിൻമേൽ സത്വര പരിഹാരം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. തീരുമാനം ഉണ്ടാകാൻ കാലതാമസം വന്നിട്ടുള്ളതായി കാണപ്പെടുന്ന പരാതികളുടെ ലിസ്റ്റ് തയ്യാറാക്കി, പോലീസ് വകുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ നടപടി ത്വരിതപ്പെടുത്താൻ അതാത് ജില്ലാ പോലീസ് സൂപ്രണ്ടുമാരെ ചുമതലപ്പെടുത്താനും, മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളെ സംബന്ധിച്ച് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ഓരോ ജില്ലയിലും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനങ്ങളനുസരിച്ചുള്ള പ്രാരംഭ നടപടികൾ കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലേയ്ക്കും ക്രമേണ വ്യാപിപ്പിക്കുന്നതാണ്. ഇതിനുപുറമേ തീരുമാനം വൈകുന്ന പരാതികളെ സംബന്ധിച്ച് സെല്ലിന്റെതന്നെ ഒരു ടീം ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് എത്തി ആവശ്യമായ മേൽനടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) 31,686 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 26,099 പരാതികളിൽ തീരുമാനമായിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സായുധസേനയിൽ ഡി. പി. സി. കൂടുന്നതിനുള്ള കാലതാമസം

38 [38] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സായുധസേനയിലെ റിസർവ്വ് ഇൻസ്പെക്ടർ തസ്തികയിൽനിന്നും അസിസ്റ്റന്റ് കമ്മീഷണർ ആയി പ്രമോഷൻ നൽകുന്നതിന് ഡി.പി.സി. കൂടുന്നതിന് കാലതാമസമുണ്ടാകാൻ കാരണം വ്യക്തമാക്കുമോ;

(ബി) മുൻഗണനാക്രമം അനുസരിച്ച് ആർ.ഐ. മാരുടെ പ്രമോഷൻ കഴിഞ്ഞു മാത്രമേ എസ്.ഐ.-മാരുടെ പ്രമോഷൻ നൽകാവൂ എന്ന തത്വം ഇതുമൂലം അട്ടിമറിക്കപ്പെട്ടതിനെക്കുറിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly